# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 7270

16 /07/2012 - ൽ
മറുപടിക്ക്

**എഫ്.സി.ഐ. ഗോഡൗണുകളിൽ കെട്ടിക്കിടക്കുന്ന ഭക്ഷ്യധാന്യങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ.ബാലൻ | **ശ്രീ. അനൂപ് ജേക്കബ്.**<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ എഫ്.സി.ഐ. ഗോഡൗണുകളിൽ അരിയും ഗോതമ്പും ഉൾപ്പെടെയുള്ള ഭക്ഷ്യ ധാന്യങ്ങൾ കെട്ടിക്കിടന്ന് നശിക്കുന്നത് സംബന്ധിച്ച പത്രദൃശ്യ മാധ്യമങ്ങളുടെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എന്തായിരുന്നു കണ്ടെത്തലെന്ന് വ്യക്തമാക്കുമോ? | (ബി) റെയിൽവേ വാഗണുകൾ വഴി സ്റ്റോക്കെത്തിച്ചപ്പോൾ ചില ബാഗുകൾ നനഞ്ഞാണ് എത്തിയതെന്നും ഇത്തരം ബാഗുകൾ തുറന്ന് ഉണക്കി വൃത്തിയാക്കി സൂക്ഷിച്ചിട്ടുണ്ടെന്നും സ്റ്റോറേജിലെ തകരാറു മൂലം ഭക്ഷ്യധാന്യങ്ങൾ കേടായിട്ടില്ലെന്നും എഫ്.സി.ഐ. റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഭീമമായ അളവിൽ ലോഡ് വന്നതു മൂലം ചില ബാഗുകൾ വരാന്തയിൽ സൂക്ഷിക്കേണ്ടി വന്നുവെന്നും എന്നാൽ ശരിയായ രീതിയിൽ മൂടി സുരക്ഷിതമായി തന്നെയാണ് സ്റ്റോക്ക് സൂക്ഷിച്ചതെന്നും എഫ്.സി.ഐ. അറിയിച്ചിട്ടുണ്ട്. |
| സി) ബി.പി.എൽ. റേഷൻ കാർഡ് ഉടമകൾക്ക് ഒരു രൂപക്ക് നൽകുന്ന അരി പുഴുവരിച്ച് ചീത്തയായതാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ഗോഡൗണുകളിലാണ് മോശപ്പെട്ട അരി കണ്ടെത്തിയതെന്നും എവിടെയൊക്കെയാണ് മോശപ്പെട്ട അരി വിതരണം ചെയ്തതെന്നും വ്യക്തമാക്കുമോ; | (സി) എഫ്.സി.ഐ. ഡിപ്പോകളിൽ നിന്ന് ഗുണനിലവാരം കുറഞ്ഞ അരിയും ഗോതമ്പും റേഷൻ വിതരണത്തിനായി വിതരണം ചെയ്തതായി ശ്രദ്ധയിൽപെട്ടിട്ടില്ല. ഗുണനിലവാരം ഉറപ്പാക്കി മാത്രമാണ് എഫ്.സി.ഐ. യിൽ നിന്ന് അരിയും ഗോതമ്പും വിട്ടെടുക്കുന്നത്. |

| | | | |
|---|---|---|---|
| ഡി) | മോശപ്പെട്ട അരി കേന്ദ്രത്തിൽ നിന്നും ലഭിച്ചതാണോ അതോ ഗോഡൗണുകളിൽ കെട്ടികിടന്നു നശിച്ചതാണോ എന്ന് വ്യക്തമാക്കുമോ? | (ഡി) | എഫ്.സി.ഐ. ഗോഡൗണുകളിൽ സംഭരണ ചെയ്ത ഭക്ഷ്യധാന്യങ്ങൾക്ക് കേടുപാടുകൾ വന്നിട്ടില്ല. ശക്തമായ മഴക്കാലത്ത് റെയിൽ വാഗണുകളിൽ നിന്നും നനഞ്ഞ ചാക്കുകളിൽ നിന്ന് ലഭിക്കുന്ന അരി മാത്രമാണ് ശ്രദ്ധയിൽ പ്പെട്ടിട്ടുളളത്. എന്നിരുന്നാലും ഇത്തരത്തിലുളള ഭക്ഷ്യധാന്യങ്ങൾ വൃത്തിയാക്കി ഉപയോഗ യോഗ്യമാക്കിയാണ് സൂക്ഷിക്കുന്നതെന്നും എഫ്.സി.ഐ. ജനറൽ മാനേജർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ